**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ.പ്രശാന്ത് ബാബു ജെ., യെ കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 542/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 07/03/2019**

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ

2. 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/Fin

3.കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18.02.2019-ലെ 12073/ഇ 1/2017/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത് .

<u>ഉത്തരവ്</u>

ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ.പ്രശാന്ത് ബാബു ജെ., യെ കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കണമെന്ന് പരാമർശം (3) കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ.പ്രശാന്ത് ബാബു ജെ, യെ റൂൾ 140(സി) Part I, KSR പ്രകാരമുള്ള വ്യവസ്ഥകൾക്കും മേൽ സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലേക്ക് ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി എം.ആർ**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**